# സ്നേഹത്തിന്റെ പരിമളം

• കെ.എം. അബ്ദുൽ സലീം

ബസ്സിറങ്ങി വീട്ടിലേക്ക് നടക്കുമ്പോൾ ബീച്ചാത്തയുടെ മനസ്സ് മുഴുവനും സംശയംകൊണ്ട് നിറഞ്ഞിരുന്നു. എങ്ങനെ സംശയിക്കാതിരിക്കും?

രണ്ടുമൂന്നു ആഴ്ചക്കു ശേഷമാണ് ഇന്നു ആശുപത്രിയിൽ വച്ച് യാദൃച്ഛികമായി നന്ദിനിച്ചേച്ചിയെ കണ്ടുമുട്ടിയത്. ഒഴിഞ്ഞുമാറാനുള്ള ശ്രമത്തിനിടയിൽ അവർ ഓടി അടുത്തെത്തി, കൈ രണ്ടും കവർന്ന് ഭവ്യതയോടെ ഒരു വിളി: ‘ബീച്ചാത്താ!’’

ജാള്യത മറച്ചുകൊണ്ട് തരിച്ചു നിൽക്കവെ, അവരുടെ വാമൊഴി ഇങ്ങനെ: ‘‘ഒരുപാടു നന്ദിയും കടപ്പാടും ഉണ്ട് ബീച്ചാത്താ; അത്രക്കും വിഷമസ്ഥിതിയിൽ ആയ അവസരത്തിൽ ആണ് ഇത്ത അന്ന് ഞാൻ ആവശ്യപ്പെട്ടതിലും കൂടുതൽ പൈസ ആമിനക്കുട്ടി വശം കൊടുത്തയച്ചത്! ചേട്ടൻ സുഖമില്ലാതെ കിടപ്പാണ്. ആമിനക്കുട്ടി വഴി വിവരം അറിഞ്ഞിരിക്കുമല്ലോ! അസുഖം മാറി ജോലിക്ക് പോകാൻ തുടങ്ങുമ്പോഴേക്കും ആ പൈസ ബീച്ചാത്താക്ക് മടക്കിത്തരാം; കേട്ടോ! ബുദ്ധിമുട്ടിക്കേണ്ടി വന്നതിൽ വിഷമം ഉണ്ട്.’’

അൽപനേരത്തേക്ക് എന്ത് മറുപടി പറയണം എന്നറിയാതെ ബീച്ചാത്ത വാപൊളിച്ചു




▸▸ ചിപ്‌കോ പ്രസ്ഥാനം തുടങ്ങിയത് എവിടെ? – ഇന്നത്തെ ഉത്തരാഖണ്ഡ്

നിന്നു പോയി! എന്ത് പൈസ? ഏത് പൈസ? താൻ ആമിനക്കുട്ടിയുടെ കൈയിൽ ഇവർക്ക് പൈസ കൊടുത്തയച്ചിട്ടേയില്ലല്ലോ! ഇതെന്തു കഥ? ഒരുപക്ഷേ, ഇവർ മനഃപൂർവ്വം തന്നെ കളിയാക്കുകയായിരിക്കുമോ? അതോ, തന്നോട് പകരം വീട്ടുകയായിരിക്കുമോ? ആവോ; ആർക്കറിയാം?

ബീച്ചാത്താടെ വീട്ടിൽ കഴിഞ്ഞ രണ്ടുമൂന്നു ആഴ്ചകൾക്കു മുമ്പ് നന്ദിനിച്ചേച്ചി കുറച്ചു പൈസ കടം ചോദിച്ചു വന്നത് ശരിയാണ്.

ഒരേ കരയിൽ ജീവിക്കുന്ന നന്ദിനിച്ചേച്ചിയും ബീച്ചാത്തയും ആയ കാലംതൊട്ടേ അടുത്തറിയുന്ന സുഹൃത്തുക്കളും അങ്ങും ഇങ്ങും കൊടുത്തും വാങ്ങിയും കഴിയുന്നവരും ആണ്. പക്ഷേ, അന്നവർ പൈസ കടം ചോദിച്ച് വന്നപ്പോൾ മനഃപൂർവ്വം കൊടുക്കാതിരുന്നതിന് കാരണം ഉണ്ട്.

ഏകദേശം ഒരു മാസത്തിനു മുൻപ് നന്ദിനിച്ചേച്ചിയുടെ മകൾ ബിന്ദുവും ആമിനക്കുട്ടിയും തമ്മിൽ സ്കൂളിൽ വെച്ച് എന്തോ നിസ്സാര കാര്യത്തിന് വഴക്കിട്ടു. പെട്ടെന്നുള്ള ബിന്ദുവിന്റെ ഒരു ശക്തിയായ തള്ളുകൊണ്ട് ആമിനക്കുട്ടി കാലിടറി നിലത്ത് വീണു.

അവൾക്ക് കൈക്കും കാലിനും സാരമായ പരിക്ക് പറ്റി. ഒന്ന് രണ്ടാഴ്ചത്തെ ചികിത്സക്കു ശേഷമാണ് പരിക്ക് ഭേദമായത്.

ഇതിനിടയിൽ ഒരു പ്രാവശ്യമെങ്കിലും ആമിനക്കുട്ടിയെ വന്നു കാണുവാനോ, ആശ്വസിപ്പിക്കുവാനോ, ക്ഷമ ചോദിക്കുവാനോ നന്ദിനിച്ചേച്ചിയോ മകളോ വന്നില്ല! എന്നിട്ടിപ്പോൾ പൈസ ആവശ്യമായി വന്നു ചോദിക്കുമ്പോൾ കണ്ണുംപൂട്ടി അങ്ങെടുത്തു കൊടുക്കുവാൻ താനെന്താ, അത്ര കഴുതയോ മറ്റോ ആണോ? ആ കണ്ണിൽ ചോരയില്ലാത്തവൾ പോയി വേറെ പണി നോക്കട്ടെ! പിന്നല്ലാതെ!!

ഇതാണ് സത്യത്തിൽ സംഭവിച്ചത്. അവർക്ക് പിന്നെങ്ങനെ ആമിനക്കുട്ടി പണം എത്തിച്ചു? അതും തന്റെ പേരും പറഞ്ഞ്? തീർച്ചയായും ഇതിന്റെ പിന്നിൽ എന്തോ പന്തികേടുണ്ട്! അതറിഞ്ഞിട്ടുതന്നെ ബാക്കി കാര്യം.

മനസ്സില്ലാമനസ്സോടെ ഒരു ചിരിയും നന്ദിനിച്ചേച്ചിക്ക് സമ്മാനിച്ച് എന്തോ മനസ്സിൽ ആലോചിച്ചുറച്ച് ബീച്ചാത്തയുടെ വീട്ടിലേക്കുള്ള തിരിച്ചു വരവായിരുന്നു അത്.

വീട്ടിൽ എത്തിയതും, അലമാരക്ക് മുകളിൽ സൂക്ഷിച്ചിരുന്ന ചൂരൽവടി വലിച്ചെടുത്ത് ബീച്ചാത്ത ഉച്ചത്തിൽ ഒരൊറ്റ വിളി: ‘‘ആമിനക്കുട്ടീ, ഇവിടെ വാ!!’’

വിളി കേട്ടപാടെ ഓടിയെത്തിയ ആമിനക്കുട്ടി, ഉമ്മച്ചിയുടെ രൗദ്രഭാവം കണ്ട് അക്ഷരാർത്ഥത്തിൽ ഒന്ന് അമ്പരന്നു. മകളെ കണ്ടപാടെ അടുത്ത് ചെന്നതും, അവളുടെ പാവാട വലിച്ചു മേലോട്ട് ബലമായി ചുരുട്ടിപ്പിരിച്ച് വടിയും ഓങ്ങി ഒരൊറ്റ ഗർജനം: ‘‘എടീ, എന്ന് മുതലാടീ നീ നുണപറയാനും കക്കാനും തുടങ്ങിയത്? സത്യം പറ, നിനക്ക് ബിന്ദുവിന്റെ അമ്മക്ക് കൊടുക്കുവാൻ പൈസ എവിടുന്ന് കിട്ടി? അതും പോരാഞ്ഞ് ഞാൻ ആണ് തന്നയച്ചത് എന്ന് എന്തിന് നീ അവരോട് കളവ് പറഞ്ഞു? സത്യം എനിക്ക് ഇപ്പോൾ അറിയണം! പറഞ്ഞില്ലെങ്കിൽ ഇന്ന് നിന്നെ ഞാൻ തച്ചു കൊല്ലും!!’’

‘‘ഉമ്മച്ചീ, ഇതാണോ കാര്യം!’’ ആമിനക്കുട്ടി സൗമ്യമായി വിശദീകരിച്ചു: ‘‘ബിന്ദുവിന്റെ അമ്മ അന്നിവിടെ വന്നു സങ്കടത്തോടെ തിരിച്ചു പോകുന്ന കാഴ്ച ഞാൻ കണ്ടു; ആ അമ്മ കടം ചോദിച്ചതും കൊടുക്കാതിരുന്നതും അതിന്റെ കാരണവും മറ്റും ഉമ്മച്ചി ഇവിടെ തന്നത്താൻ ഇരുന്നു പിറുപിറുക്കുന്നതും ഞാൻ കേട്ടു!

ബാപ്പച്ചി ഗൾഫിൽനിന്നും ലീവിൽ വരുമ്പോഴെല്ലാം പള്ളിപ്പെരുന്നാളിനും ഉത്സവത്തിനും മറ്റും മാലയും വളയും കമ്മലും വാങ്ങുവാൻ പലപ്പോഴായി ഞാൻ ചോദിച്ചുവാങ്ങി കൂട്ടിവെച്ചിരുന്ന പൈസ എടുത്ത് ഉമ്മച്ചിയെ അറിയിക്കാതെ ബിന്ദുവിന്റെ അമ്മക്ക് കൊണ്ടുപോയി കൊടുത്ത് ഒന്ന് സഹായിച്ചുപോയത് അത്ര വലിയ തെറ്റാണോ ഉമ്മച്ചീ?’’

‘‘അതെ; തെറ്റ് തന്നെയാടീ! എന്താ ഇത്ര സംശയം?’’ ബീച്ചാത്തായുടെ ദേഷ്യം പതിന്മടങ്ങ് വർധിച്ചു. ‘‘എടീ, നീ ആ പെണ്ണിന്റെ ഉന്തുകൊണ്ട് വീണിട്ട് ആ നന്ദികെട്ട അമ്മയോ മോളോ ഒരൊറ്റ പ്രാവശ്യമെങ്കിലും നിന്റെ വിവരം അന്വേഷിച്ച് ഈ കുടുംബത്ത് കാൽ കുത്തിയിട്ടുണ്ടോ? ഇല്ലല്ലോ?

പോരാത്തതിന് ആ എരണംകെട്ട മോൾ നിന്റെ ശത്രുവാണെന്ന കാര്യം നീ അത്ര പെട്ടെന്ന് മറന്നുപോയോ? എന്നാൽ കേട്ടോ; നിന്റെ ശത്രു എന്റെയും ശത്രുവാണ്. അവരു പോയി തുലയട്ടെ! നിനക്കെന്താ ഇത്ര ചേതം? അവളുമാരുമായി ഒരു ചങ്ങാത്തോം ഇനി വേണ്ടെടീ, വേണ്ടാ!!’’ ബീച്ചാത്താടെ കലി കെട്ടടങ്ങുന്ന ലക്ഷണമേയില്ല!!

‘‘എന്തിനാണ് ഉമ്മച്ചീ, കാര്യം അറിയാതെ ഓരോരുത്തരെ വെറുതെ കുറ്റം പറയുന്നത്?’’ ആമിനക്കുട്ടി തുടർന്നു: ‘‘അന്ന് ആ സംഭവം

▸▸ ഗ്രീൻപീസിന്റെ ആസ്ഥാനം – ആംസ്റ്റർ ഡാം (നെതർലാന്റ്)

നടന്ന പിറ്റേ ദിവസംതന്നെ, സ്കൂൾ അസംബ്ലിയിൽ മൊത്തം കുട്ടികളുടെയും ടീച്ചർമാരുടെയും മുമ്പിൽവെച്ച് കണ്ണീരോടെ ബിന്ദു ചെയ്തുപോയ തെറ്റ് ഏറ്റുപറഞ്ഞത്, അവിടെ കൂടിയിരുന്ന എല്ലാവരുടെയും കണ്ണുകൾ നിറയിച്ച വിവരം ഉമ്മച്ചി അറിയാതെ പോയതിന് അവൾ തെറ്റുകാരിയാണോ? ബിന്ദുവും നന്ദിനി ചേച്ചിയും ഉമ്മച്ചിയെ നേരിടാനുള്ള പ്രയാസം കൊണ്ട് മാത്രമാണ് നമ്മുടെ വീട്ടിൽ വരാതിരുന്നത്.

പിന്നെ ഉമ്മച്ചി അറിയാത്ത മറ്റൊരു കാര്യം കൂടിയുണ്ട്. നിത്യവും ആ അമ്മയും മോളും അമ്പലത്തിൽ പോയി എന്റെ പരുക്ക് എത്രയും വേഗം ഭേദമാകാൻ സങ്കടത്തോടെ പ്രാർത്ഥനയും വഴിപാടും നടത്തിയിരുന്നുവത്രെ! മറ്റൊരാൾ നിനക്കുവേണ്ടി പ്രാർത്ഥിക്കുന്നത്, നീ സ്വയം പ്രാർത്ഥിക്കുന്നതിനെക്കാൾ വേഗത്തിൽ രക്ഷിതാവ് സ്വീകരിക്കുമെന്ന് മദ്റസയിൽ വെച്ച് എന്റെ ഉസ്താദ് പഠിപ്പിച്ചത് സത്യമാണെങ്കിൽ, തീർച്ചയായും അവരുടെ പ്രാർത്ഥനയാണ് ഉമ്മച്ചീ, എന്റെ പരുക്ക് ഇത്രയുംവേഗം ഭേദമാകാൻ കാരണമായത്!

പിന്നെ, ഉമ്മച്ചിയാണ് ആ പൈസ തന്നയച്ചതെന്ന് ഞാൻ കള്ളം പറഞ്ഞത്, എന്റെ പൊന്നുമ്മച്ചിയെ ലോകത്തിൽ ആരും തന്നെ വെറുക്കുന്നത് എനിക്ക് ഇഷ്ടമില്ലാത്തതു കൊണ്ടാണ്. ആ കാൽക്കീഴിൽ അല്ലേ ഉമ്മച്ചീ, എന്റെ സ്വർഗം!''

ഇത്രേംപോന്ന കുഞ്ഞുമോൾടെ വായിൽനിന്നും വരുന്ന ഉത്കൃഷ്ടമായ വാക്കുകൾ കേട്ട് സ്തംഭിച്ചു നിൽക്കുമ്പോൾ, ആമിനക്കുട്ടി കൂട്ടിച്ചേർത്തു: ''കഷ്ടമാണ് ഉമ്മച്ചീ, ബിന്ദുവിന്റെ വീട്ടിലെ ഇപ്പോഴത്തെ സ്ഥിതി! അവളുടെ അച്ഛൻ ജോലിക്ക് പോകാൻ ആകാതെ സുഖമില്ലാതെ കിടപ്പാണ്. എന്നും പട്ടിണിയും പരിവട്ടവും ആണവിടെ. നിത്യവും ഞാൻ ഇവിടെനിന്നും കൊണ്ടുപോകുന്ന ചോറാണ് സ്കൂളുകളിൽ വെച്ച് ഞാനും ബിന്ദുവും പങ്കിടുന്നത്! ഉമ്മച്ചിക്ക് അതൊന്നും അറിയേണ്ടതില്ലല്ലോ!'' ആമിനക്കുട്ടിയുടെ കണ്ഠമിടറി.



എന്തോ ഒരു ഉൾവിളി പോലെ ബീച്ചാത്ത ആമിനക്കുട്ടിയുടെ ചുരുട്ടിപ്പിടിച്ച പാവാടയിലെ പിടിവിട്ടു. കൈയിലെ ചൂരൽവടി നിലത്തേക്ക് എറിഞ്ഞു.

നേരെ അകത്തുപോയി പെട്ടിതുറന്ന് കുറെ പൈസയും ചുരുട്ടിപ്പിടിച്ച് പുറത്ത് വന്നു. ആമിനക്കുട്ടിയുടെ തോളിൽ മൃദുവായൊന്ന് തട്ടി! ''എന്റെ പൊന്നുംകുടം വാ, നമുക്ക് അവിടംവരെ ഒന്ന് പോകാം.''

ഏറ്റവും ഉയരം കൂടിയ മരം – റെഡ് വുഡ്